# സ്തുതിയുടെ ശക്തി

## 2 ദിനവൃത്താന്തം 20:22

**അവർ പാടി സ്തുതിച്ചു തുടങ്ങിയപ്പോൾ യഹോവ യെഹൂദക്കു വിരോധമായി വന്ന അമോന്യരുടെയും മോവാബ്യരുടെയും സേയീർ പർവ്വതക്കാരുടെയും നേരെ പതിയിരിപ്പുകാരെ വരുത്തി; അങ്ങനെ അവർ തോറ്റു പോയി.**

എപ്പോഴാണ് യെഹൂദക്കു വിരോധമായി വന്ന ശത്രുക്കൾ തോറ്റു പോയത്? അവർ ദൈവത്തെ പാടി സ്തുതിച്ചപ്പോൾ. ദൈവത്തെ സ്തുതിക്കുക എന്നത് ഒരു ചെറിയ കാര്യമല്ല. നീ ആത്മാർത്ഥതയോടും, വിശുദ്ധിയോടും, വേർപാടോടും, താത്പര്യത്തോടും, വിശ്വാസത്തോടും, പ്രാർത്ഥനയോടും നമ്മുടെ ദൈവത്തെ പാടി സ്തുതിക്കുമെങ്കിൽ ഇന്നു നമുക്കെതിരായി പ്രവർത്തിക്കുന്ന ഏതു ശക്തിയുമാകട്ടെ അതു ഓടിപ്പോകുമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. കാരണം അവന്റെ ദയ വലുതായിരിക്കുന്നു. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ ഇപ്രകാരം പാടിയത്, "സകല ജാതികളുമായുള്ളോരേ യഹോവയെ സ്തുതിപ്പിൻ; സകല വംശങ്ങളുമായുള്ളോരേ അവനെ പുകഴ്ത്തുവിൻ. നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു, യഹോവയുടെ വിശ്വസ്തത എന്നേക്കുമുള്ളത്; യഹോവയെ സ്തുതിപ്പിൻ." (സങ്കീർത്തനം 117:1–2).

അപ്പൊ. പ്രവൃത്തികളിൽ പൗലോസും, ശീലാസും കാരാഗൃഹത്തിൽ കിടന്ന് ദൈവത്തെ സ്തുതിക്കുന്നത് നാം കാണുന്നു. പൗലോസിനെയും, ശീലാസിനെയും കാണുമ്പോൾ നിങ്ങൾ ദൈവത്തിന്റെ ദാസന്മാരെന്ന് എപ്പോഴും പറഞ്ഞു കൊണ്ടിരിന്ന വെളിച്ചപ്പാടത്തിയായ അടിമസ്ത്രീയെ; അവളിൽ അകപ്പെട്ടിരുന്ന ഭൂതത്തെയും അതോടൊപ്പം തന്റെ യജമാനന്മാർക്ക് അടിമയായിരുന്ന അനുഭവത്തെയും പൗലോസ് യേശുവിന്റെ നാമത്തിൽ ശാസിച്ച് ഇല്ലാതാക്കി. തത്ഫലമായി അവളുടെ യജമാനന്മാർ അവരെ കരാഗൃഹത്തിലടക്കുവാൻ ഏൽപ്പിച്ചു കൊടുത്തു. കാരാഗൃഹപ്രമാണി അവരുടെ കാൽ ചങ്ങലകൊണ്ട് പൂട്ടി, അവരെ തടവിലാക്കി അതിസൂക്ഷ്മമായി കാത്തു. എന്നാൽ പിന്നീട് അവിടെ നടന്ന സംഭവം നമുക്കറിയാവുന്നതാണ് (അപ്പൊ. പ്രവൃത്തികൾ 16:25 മുതൽ വായിച്ച് ധ്യാനിക്കുക)

അർദ്ധരാത്രിക്ക് പൗലോസും, ശീലാസും പ്രാർത്ഥിച്ച് ദൈവത്തെ പാടി സ്തുതിച്ചു. തടവുകാർ ശ്രദ്ധിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിലൊക്കെയും തുറന്നു പോയി എല്ലാവരുടെയും ചങ്ങല അഴിഞ്ഞു വീണു. കാരാഗൃഹത്തിന്റെ വാതിൽ തുറന്നു കിടക്കുന്നതു കണ്ടിട്ട് പ്രമാണി തന്നെത്താൻ മരിക്കുവാൻ ശ്രമിച്ചു. ഉടനെ പൗലോസ്

നിനക്കൊരു ദോഷവും ചെയ്യരുത്; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. കാരാഗൃഹപ്രമാണി വിറച്ചു കൊണ്ട് പൗലോസിന്റെയും, ശീലാസിന്റെയും മുമ്പിൽ വീണു. അപ്പോൾ പൗലോസും, ശീലാസും അവനോട് വചനം പ്രസംഗിച്ചു. കർത്താവായ യേശുവിൽ വിശ്വസിക്കുക എന്നാൽ നീയും, നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു പറഞ്ഞു. കാരാഗൃഹപ്രമാണിയും കുടുംബവും അപ്പോൾ തന്നെ വിശ്വസിച്ച് സ്നാനമേറ്റു.

വാക്യം 34 ൽ നമുക്ക് കാണാം, കർത്താവിൽ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിച്ചു എന്ന്. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു. ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. അവർ മനുഷ്യരിൽ ആശ്രയിക്കാതെ, ദൈവത്തിൽ ആശ്രയിച്ച് പാടി സ്തുതിച്ചു. ഉടനെ തന്നെ ദൈവപ്രവൃത്തി അവിടെ വെളിപ്പെട്ടു. നാം ആത്മാർത്ഥമായി ദൈവകൽപന പ്രമാണിച്ചു കൊണ്ട് ദൈവത്തെ പാടി സ്തുതിച്ചാൽ, നമ്മുടെ ബന്ധനം മാത്രമല്ല, മറ്റുള്ളവരുടെ ബന്ധനങ്ങളും അഴിയാനിടയാകും. ഇതാണ് സ്തുതിയുടെ ശക്തി.

കർത്താവ് തന്റെ മക്കളോട് 3 കാര്യങ്ങൾ ആവശ്യപ്പെടുന്നു.

1. എന്നെ സ്നേഹിക്കുക 2. എന്നെ സ്തുതിക്കുക 3. എനിക്കു വേണ്ടി കൊടുക്കുക

മേൽ കണ്ട കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവൃത്തികമാക്കാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
വെളിപ്പാട് 22:3-4

അവന്റെ ദാസന്മാർ അവനെ ആരാധിക്കും; അവർ അവന്റെ മുഖം കാണും.

സിസ്റ്റർ അനു റ്റോബി ചെങ്ങന്നൂർ 009